# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 136 | 30-09-2016 ൽ മറുപടിയ്ക്ക്

## മാരിടൈം ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ.ഷാഫി പറമ്പിൽ :<br>ശ്രീ. പി.ടി.തോമസ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കമോ;

(എ) ഇല്ല. തുറമുഖവകുപ്പ്, കേരളാ മാരിടൈം സൊസൈറ്റി, കേരളാ സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ട് സംസ്ഥാന മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബില്ല് 17/12/2014 ന് കേരളാനിയമസഭ പാസാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ കേന്ദ്ര ആഭ്യന്തര വകുപ്പ് ചില സംശയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കത്തിടപാടുകൾ നടന്നുവരുന്നു.

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത ബോർഡിലൂടെ കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തന പരിപാലനം, പരിരക്ഷ തുടങ്ങി സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖചട്ടങ്ങൾ മൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റേയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ , വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ , വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ വിവിധ വകുപ്പുകളേയും വിവിധ സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കുക എന്നതാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

| | |
|---|---|
| (സി) ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വ്യക്തമാക്കുമോ ? | (സി) കേരളത്തിലെ മുഴുവൻ തുറമുഖങ്ങളേയും പുനരുജ്ജീവിപ്പിക്കുകയും ഏകോപിക്കുകയും ചെയ്ത് നിലവിൽ റോഡ് മാർഗ്ഗമുള്ള ചരക്ക് നീക്കം തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക, വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റുകളും നൽകുക, തുറമുഖങ്ങളിലെ വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കുക എന്നീ പ്രവർത്തനങ്ങളും കേന്ദ്ര / സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ രൂപം കൊടുക്കുന്ന തുറമുഖങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നിർവ്വഹിക്കുക തുടങ്ങിയവയുൾപ്പെടെ നിലവിൽ തുറമുഖ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളാണ് മാരിടൈം ബോർഡ് നടപ്പിലാക്കുക . |

**സെക്ഷൻ ഓഫീസർ**